**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - റാന്നി നിയോജക മണ്ഡലം -കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ ഇംപ്രൂവ്മെൻറ്സ് ടു കുന്നിനോലിൽപ്പടി പള്ളിപ്പടി റോഡ് എന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 2594/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 09.10.2018.**

---

പരാമർശം :- 1 11/06/2012-ലെ സ. ഉ (അച്ചടി )332/12/ധന നമ്പർ ഉത്തരവ്.

2 25/05/17-ലെ സ. ഉ (ആർ.റ്റി )1726/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്.

3 18.07.2018 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി6/665/2017/സി.ഇ/തസ്വഭവ നമ്പർ കത്ത്

4 ശ്രീ . രാജു എബ്രഹാം എം.എൽ.എ.യുടെ 04/06/2018 ലെ കത്ത്.

**<u>ഉത്തരവ്</u>**

റാന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാജു എബ്രഹാം എം.എൽ.എ. യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ ഇംപ്രൂവ്മെൻറ്സ് ടു കുന്നിനോലിൽപ്പടി പള്ളിപ്പടി റോഡ് എന്ന പ്രവൃത്തിയ്ക്ക് 29 ലക്ഷം രൂപയ്ക്ക് പരാമർശം (2) ഉത്തരവിലെ ക്രമനമ്പർ. 2 പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിർദിഷ്ട റോഡ് കുത്തുകയറ്റവും, വളവും വീതി കുറഞ്ഞതുമായതിനാൽ ടാറിങ് നടത്തുവാൻ സാധിക്കില്ല എന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ബഹു.എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തി റോഡ് കോൺക്രീറ്റ് ,സൈഡ് പ്രൊട്ടക്ഷൻ വർക്ക്,ക്രോസ്സ് ഡ്രെയിനേജ് എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (3) കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റാന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാജു എബ്രഹാം എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പരാമർശം (2) ഉത്തരവിലെ ക്രമനമ്പർ.2 പ്രകാരം 29 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ ഇംപ്രൂവ്മെൻറ്സ് ടു കുന്നിനോലിൽപ്പടി പള്ളിപ്പടി റോഡ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ റോഡ് കോൺക്രീറ്റ് ,സൈഡ് പ്രൊട്ടക്ഷൻ വർക്ക്,ക്രോസ്സ് ഡ്രെയിനേജ് എന്നിവ ഉൾപ്പെടുത്തി 29 ലക്ഷം രൂപയുടെ രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി.

ശ്രീ.രാജു എബ്രഹാം എം.എൽ.എ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം. 1219/ എൻ.ബി. 2/ 2017/ ധന.തീയതി 01.10.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ